ഉത്തരം.

(എ) 73. † ലിസ്റ്റ് മേശപ്പുറത്ത് വച്ചിരിക്കുന്നു.

(ബി) ഉണ്ട്.

1. ശ്രീ. പി. കെ ചാത്തൻ എം. എൽ. എ.
2. കാറളം പീസ് കമ്മിറ്റി സെക്രട്ടറി
3. കാറളം പീസ് കമ്മിറ്റി സെക്രട്ടറി മുഖാന്തിരം സ്ഥലത്തു ചെന്ന ഒരു യോഗത്തിൽ പാസാക്കിയ പ്രമേയം സ്വീകരിച്ചിട്ടുണ്ട്.
4. കാറ്റൂർ കർഷക തൊഴിലാളി യൂണിയൻ.

(സി) എത്രപേരെന്നറിവില്ല.

(ഡി) തൃശ്ശൂർ പോലീസ് അസിസ്റ്റൻറ് സൂപ്രണ്ട് അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയായിട്ടില്ല.

കണ്ണൻദേവൻ കമ്പനിത്തോട്ടം.

347. [28] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകായ്മന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൻദേവൻ കമ്പനിയുടെ മുടക്കുമുതൽ 13 ലക്ഷം രൂപയാണോ; അല്ലെങ്കിൽ എത്രയാണ്; എത്ര ഏക്കർ ഭൂമിയാണ് അവർക്ക് വിട്ടുകൊടുത്തിരിക്കുന്നത്; അതിൽ എത്ര ഏക്കർ തേയിലയും ഏലവും കൃഷി ചെയ്യുന്നുണ്ട്; കൃഷി ചെയ്യാതെ എത്ര ഏക്കർ കിടപ്പുണ്ട്;

(ബി) 1947, 48, 49, 50, 51, 52, 53, 54 വർഷങ്ങളിൽ പ്രസ്തുത കമ്പനിക്ക് എന്തു ലാഭംവീതം യഥാക്രമം കിട്ടിയിട്ടുണ്ട്;

(സി) കണ്ണൻദേവൻ കമ്പനിക്ക് ആണ്ടുതോറും കിട്ടുന്ന ലാഭം തിരുവിതാംകൂർ-കൊച്ചിയിൽത്തന്നെ നിക്ഷേപിക്കുകയാണോ, അല്ലെങ്കിൽ അതു് എന്തു ചെയ്യുന്നു; ഇംഗ്ലണ്ടിലേക്കു കയറ്റുമതി ചെയ്യുകയാണോ;

(ഡി) കണ്ണൻദേവൻ കമ്പനി പാട്ടമായി എന്തു തുക ഗവണ്മെൻറിനു് 1954-ൽ തന്നിട്ടുണ്ട്; 47-ൽ പാട്ടമായി അടച്ച തുക എത്ര; പാട്ടം കൂടാതെ മറ്റേതെങ്കിലും നികുതി കമ്പനി ഗവണ്മെൻറിനു് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ 47 മുതൽ 54 വരെ ആണ്ടുതോറും എന്താണ് നികുതിയായി അടച്ചിട്ടുള്ളത്;

(ഇ) കമ്പനി കയറ്റുമതി ചെയ്യുന്ന തേയില, ഏലം തുടങ്ങിയ ഉൽപ്പന്നങ്ങളിൽ നിന്നു കയറ്റുമതിച്ചുങ്കം ഇനത്തിൽ ഗവണ്മെൻറിനു് 47 മുതൽ 54 വരെ എന്തു തുകയാണ് ലഭിച്ചിട്ടുള്ളത്;

ഉത്തരം.

(എ) 1953-ലെ ബാലൻസ് ഷീറ്റനുസരിച്ച് കമ്പനിയുടെ മുടക്കുമുതൽ 13,00,000 പവനാണെന്നു കാണുന്നു. കമ്പനിക്കു കൊടുത്തിട്ടുള്ള ഭൂമിയുടെ മൊത്തം വിസ്തീർണ്ണം 1,35,883.86 ഏക്കർ ആകുന്നു.

† Plase see Appendix XVII

LIBRARY ARCHIVES Kerala Legislative Assembly

അതിൽ 52,247.08 ഏക്കർ സ്ഥലത്തു് തേയില കൃഷിചെയ്യുന്നുണ്ടു്. ബാക്കി 83,636.78 ഏക്കർ സ്ഥലം കൃഷിചെയ്യാതെ കിടപ്പുണ്ടു്.

(ബി) ഈ വിവരങ്ങൾ വെളിപ്പെടുത്താവുന്നതല്ല.

(സി) അറിവില്ല.

(ഡി) 1954–ൽ അടിസ്ഥാന നികുതി ഇനത്തിൽ 2,12,318 രൂപ 8 അ. 6 സ. ഇടാക്കിയിട്ടുണ്ടു്. 1947–ൽ പാട്ടമായി അടച്ച സർക്കാർ രൂപ 1,22,065–21–1 മേൽപ്പറഞ്ഞ നികുതിക്കും പുറമെ, കാർഷികാദായനികുതിയും, വില്പനനികുതിയും കമ്പനിയിൽ നിന്നു ഈടാക്കീട്ടുണ്ടു്. ടി ഇനത്തിൽ ഈടാക്കീട്ടുള്ള തുകയുടെ വിവരങ്ങൾ വെളിപ്പെടുത്താവുന്നതല്ല.

(ഇ) അറിവില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 18-4-1955.

പുതുതായി റോഡുകൾ.

348. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) അടുത്ത വർഷത്തിൽ ഗവണ്മെൻറിന്നു പുതുതായി റോഡുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട യാതൊരു ഗതാഗതത്തിനും സൗകര്യമില്ലാതെ കഷ്ടപ്പെടുന്ന ഇളന്തിക്കര മുതലായ സ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ സൗകര്യത്തിനുവേണ്ടി പുത്തൻവേലിക്കരനിന്നു് ഇളന്തിക്കരയ്ക്കു് ഒരു റോഡു് നിർമ്മിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) അടുത്ത വർഷത്തിൽ ഈ റോഡിൻറെ പണി തുടങ്ങുവാൻ ഉദ്ദേശിക്കുന്നില്ല.

മദ്യവ്യവസായ ലേലത്തുക.

349. [8] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ മദ്യവ്യവസായത്തിൽ നിന്നു് കള്ളഷാപ്പുകളുടെ ലേലത്തുക, വൃക്ഷക്കരം, ലൈസൻസു് എന്നീ ഇനത്തിൽ എത്ര തുക സർക്കാരിലേയ്ക്കു് ലഭിച്ചിട്ടുണ്ടു്;

(ബി) കഴിഞ്ഞയാണ്ടിൽ ലൈസൻസു് എടുത്ത എത്ര ചെത്തുകാർ ചെത്തുതൊഴിലിൽ ഏർപ്പെട്ടിരുന്നു;

(സി) മധുരക്കള്ളു ചെത്തുന്നതിനു് ലൈസൻസു് എടുക്കേണ്ടതുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ലൈസൻസു് ഫീ എത്രയു്?

LIBRARY ARCHIVES Kerala Legislative Assembly